# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3324 — 18.02.2013 ലെ മറുപടിക്ക്

### പ്രവാസി ഭാരതീയ ദിവസ് പരിപാടി

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. പി. റ്റി. എ. റഹീം:

മറുപടി

ശ്രീ. കെ. സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) കേരളം ആദ്യമായി ആതിഥ്യമരുളിയ പ്രവാസി ഭാരതീയ ദിവസ് പരിപാടി, സാധാരണക്കാരായ പ്രവാസി-കൾക്ക് ആശ്വാസമാകുന്ന എന്തെല്ലാം തീരുമാനങ്ങളും പ്രഖ്യാപനങ്ങളും നടത്തിയിട്ടുണ്ട്; അറിയിക്കുമോ;<br><br>(ബി) പ്രവാസികൾ നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന എന്തെല്ലാം ആവശ്യങ്ങളിന്മേൽ പ്രവാസി ഭാരതീയ ദിവസ്-ൽ തീരുമാന ങ്ങൾ ഉണ്ടായിട്ടുണ്ട് വിശദമാക്കാമോ; | (എ) യും (ബി) യും | 2013 ജനുവരി 7 മുതൽ 9 വരെ കൊച്ചിയിൽ നടന്ന പ്രവാസി ഭാരതീയ ദിവസിന്റെ ഭാഗമായി ജനുവരി 7-ാം തിയതി ഗൾഫ് നാടുകളിലെ പ്രവാസി ഇന്ത്യാക്കാർ എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ സാധാരണക്കാരായ പ്രവാസികൾക്ക് പങ്കെടുക്കുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേക രജിസ്ട്രേഷൻ അനുവദിച്ചിരുന്നു. ജനുവരി 9 - ാം തിയതിയിലെ സംസ്ഥാന സെഷനുകൾ ഒഴികെയുള്ള എല്ലാ പരിപാടികളും, ചർച്ചകളും, കേന്ദ്ര സർക്കാരാണ് നിശ്ചയിച്ച് നടത്തിയത്. ചർച്ചകളുടെ നടപടി കുറിപ്പ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടില്ല.<br><br>ജനുവരി 9-ാം തിയതി നടന്ന സ്റ്റേറ്റ് സെഷനിൽ പ്രവാസി മലയാളികളെ സംബന്ധിച്ച എല്ലാവിഷയങ്ങളും, നിക്ഷേപ സാധ്യതകൾക്ക് പ്രാമുഖ്യം നൽകികൊണ്ട് ചർച്ച ചെയ്യുന്നതിന് അവസരം ഒരുക്കി-യിരുന്നു. പ്രസ്തുത സെഷനിൽ |

| | | |
|---|---|---|
| | | മുഖ്യമന്ത്രിയും, കേന്ദ്ര പ്രവാസികാര്യ മന്ത്രിയും, നോർക്ക വകുപ്പ് മന്ത്രിയും പങ്കെടുത്ത് പ്രവാസി മലയാളികളുമായി ആശയ വിനിമയം നടത്തുകയും, അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തിരുന്നു. |
| (സി) കേരളത്തിൽ നോർക്കയുടെ കൂടെ സഹകരണത്തോടെ സംഘടിപ്പിക്കപ്പെട്ട പ്രവാസി ഭാരതീയ ദിവസ് പരിപാടിയിൽ പ്രതിപക്ഷത്തുനിന്ന് ആരെയെ-ങ്കിലും പങ്കെടുപ്പിക്കുകയു-ണ്ടായോ; ഇക്കാര്യത്തിൽ സ്വീകരിച്ച നയമെന്തായിരുന്നു; വ്യക്തമാക്കുമോ ? | (സി) | 11-ാമത് പ്രവാസി ഭാരതീയ ദിവസ് ദേശീയതലത്തിൽ കേന്ദ്ര സർക്കാർ ജനുവരി 7-9 തിയതികളിൽ കൊച്ചിയിൽ വച്ച് നടത്തിയ പരിപാടിയാണ്. പ്രസ്തുത പരിപാടിയുടെ ഭാഗമായി ജനുവരി 9-ന് നടന്ന സംസ്ഥാന സെഷനിൽ പ്രാസംഗികനായി ബഹു. പ്രതിപക്ഷ നേതാവിനെ ഉൾപ്പെടുത്തുകയും അദ്ദേഹത്തെ ഔദ്യോഗിക വസതിയിൽ ചെന്ന് പ്രത്യേകം ക്ഷണിക്കുകയും ചെയ്തു. എന്നാൽ പരിപാടിയിൽ പങ്കെടുക്കുന്നതിന് അസൗകര്യം അറിയിച്ചുകൊണ്ടുള്ള കത്ത് ബഹു. പ്രതിപക്ഷ നേതാവ് നൽകുകയുണ്ടായി. എറണാകുളം ജില്ലയിലെ എല്ലാ എം. പിമാരേയും, എം. എൽ. എ. മാരേയും കക്ഷി ഭേദമന്യേ ഈ പരിപാടിയിലേയ്ക്ക് ക്ഷണിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ